കേരള സർക്കാർ

# കറുകുറ്റി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.3)1986/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 15.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകുറ്റി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.3)1986/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 15.12.2016

## എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം. | 04-11.2016 മുതൽ 11-11-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം.കിഷോർ തോമസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി വി.കവിതാദേവി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി എം.ടെസി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ ബെന്നി സെബാസ്റ്റ്യൻ, ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി ഷൈനി ജോർജ്ജ് | 1-4-2015 | 18-11-2015 |
| | ശ്രീ ഷാജു വി. തെക്കേക്കര | 19-11-2015 | 31-3-2016 |
| സെക്രട്ടറി | ശ്രീ ടി. പി. രാധാകൃഷ്ണൻ | 1-4-2015 | 26-7-2015 |
| | ശ്രീ രാജൻ ബി മേനോൻ | 27-7-2015 | 31-03-2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസനം | ശ്രീമതി ലതിക ശശികുമാർ | 1-4-2015 | 31-10-2015 |
| | ശ്രീ കെ.കെ. അരുൺകുമാർ | 4-12-2015 | 31-03-2016 |

| | | | |
|---|---|---|---|
| ധനകാര്യം | ശ്രീ ഷാജു വി തെക്കേക്കര | 1--4-2015 | 31-10-2015 |
| | ശ്രീമതി ഷൈനി ജോർജ് | 4-12-2015 | 31-03-2016 |
| ക്ഷേമകാര്യം | ശ്രീ കെ പി അയ്യപ്പൻ | 1--4-2015 | 31-10-2015 |
| | ശ്രീമതി കുഞ്ഞമ്മ ജെക്കബ് | 4-12-2015 | 31-03-2016 |
| വിദ്യാഭ്യാസം & ആരോഗ്യം | ശ്രീമതി ജസീന്ത ഡേവിസ് | 1--4-2015 | 31-10-2015 |
| | ശ്രീ ജോജി കല്ലുക്കാരൻ | 4-12-2015 | 31-03-2016 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ എം ഡി വർഗീസ് | 01-04-15മുതൽ31-03-16വരെ |
| കൃഷിഓഫീസർ. | ശ്രീമതി എസ് രാജി | 01-04-15മുതൽ31-03-16വരെ |
| വെറ്ററിനറി സർജൻ | ശ്രീ ജോമോൻ ചെറിയാൻ | 01-04-15മുതൽ31-03-15വരെ |
| അസി.എഞ്ചിനിയർ, എൽ .എസ്. ജി.ഡി | ശ്രീ സി കെ സുകുമാരൻ | 01-04-15മുതൽ16-06-15വരെ |
| | ശ്രീ രവി പി | 17-06-15 മുതൽ 02-07-2015 വരെ |
| | ശ്രീമതി സൗമ്യ പിള്ള | 03-07-2015മുതൽ12-07-2015വരെ |
| | ശ്രീ ആന്റണി.എം.വട്ടോളി | 13-07-2015മുതൽ31-03-2016വരെ |
| വി.ഇ .ഒ, | ശ്രീ ജയൻ കെ എൻ | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫിസർ പി.എച്ച്.സി. | ഡോ.ബിന്ദു കെ ബി | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | ഡോ. ബിനോ സേവ്യർ | 01-04-15മുതൽ31-03-16വരെ |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | ഡോ. മേഴ്സി ഗോൺസാൽവസ് | 01-04-15മുതൽ31-03-16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റെയ്ഹാനത്ത് ബീവി കെ എസ് | 01-04-15മുതൽ 22-7-2016വരെ |
| | ശ്രീമതി സുജ ജേക്കബ് | 23-7-2016മുതൽ31-3-2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ സജീവ് കുമാർ പി കെ | 01-04-15മുതൽ31-03-16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 2-1 |
| 12 | വസ്തു നികുതി പിരിവിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. | 2-2 |
| 13 | വാടക പിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 2-3 |
| | ഭാഗം - 3 | |
| 14 | ഹോമിയോ - മരുന്നുകൾ യഥാസമയം ലഭിച്ചിട്ടില്ല | 3-1 |
| 15 | വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-2 |
| 16 | പൗരാവകാശ രേഖ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നില്ല. | 3-3 |
| 17 | ലാപ്ടോപ്പ് വിതരണം – ബാങ്ക് /സർക്കാർ ജീവനക്കാരുടെ മക്കൾക്ക് ആനുകൂല്യം നൽകിയത് അനുവദനീയമല്ല. | 3-4 |
| 18 | ആധാർ കാർഡ് - ഇൻസെന്റീവ് അനുവദിച്ചതിലെ അപാകത. | 3-5 |
| 19 | പഞ്ചായത്ത് ബിൽഡിംഗ് അനക്സ് പൂർത്തീകരണം – ഹാൻഡ് റെയിലിന് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-6 |
| | ഭാഗം - 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്ക് | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 30 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് –2015-16 | അനുബന്ധം.3 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| ക്രമ നം. | വരവ് | | ചെലവ് | |
|---|---|---|---|---|
| 1 | ബജറ്റ് വരവ് | 104642000 | ബജറ്റ് ചെലവ് | 110980852 |
| 2 | യഥാർത്ഥ വരവ് | 48112538 | യഥാർത്ഥ ചെലവ് | 58177326 |

| | | | | |
|---|---|---|---|---|
| 3 | വ്യത്യാസം | 56529462 | വ്യത്യാസം | 52803526 |

ബജറ്റ് യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തിയല്ല തയ്യാറാക്കിയിരിക്കുന്നത്. മുൻവർഷവും ഇപ്രകാരം തന്നെയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് വരവ് ചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ ഭീമമായ വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.07.2016 | --- | --- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26882976.17 |
| വരവ് | 48112538 |
| ആകെ | 74995514.17 |
| ചെലവ് | 58177326 |
| നീക്കിയിരിപ്പ് | 16818188.17 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3247540 | 3175335 | 4059641 | 10482516 | 10482516 | 0 |
| വികസനഫണ്ട് എസ്.സി.പി. | 885412 | 3020347 | (-) 89455 | 3816304 | 3816304 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 8500 | 64900 | (-) 8500 | 64900 | 64900 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 486428 | 2155732 | 0 | 2642160 | 2642160 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1214622 | 13328210 | 0 | 14542732 | 14542732 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1096154 | 6016841 | 2019042(-) | 5093953 | 5093953 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3026000 | 1914971 | 1942644(-) | 2998327 | 2998327 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 12563 | 362616 + 9472268 | 0 | 98447477 | 9846936.50 | 0 |
| ബി ഫണ്ട് | 0 | 435170 | 0 | 435170 | 435170 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 61551901 | 138 | 46996624 | 46 | 19 | 67.98 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8772768 | 6415587 | (-) 2357181 | 36.74 |
| നികുതിയേതര വരവുകൾ | 6293297 | 1463246 | (-) 4830055 | 330.09 |
| മറ്റുവരവുകൾ | 56535 | 68404 | (+) 11869 | (+) 17.35 |
| ആകെ | 15122699 | 7947235 | 7175365 | (-) 349.48 |

# 1-8 ക്ഷേമപദ്ധതികൾ

2015-2016-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51840 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 3630510 | 4773 |
| വിധവാപെൻഷൻ | 11216360 | 11006 |
| വാർദ്ധക്യകാലപെൻഷൻ | 11103870 | 12988 |
| വികലാംഗപെൻഷൻ | 3318965 | 3337 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 799560 | 911 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

# 1-9 ആഭ്യന്തരനിയന്ത്രണം

നികുതികൾ ഒടുക്കുന്നതിനും വിവിധ സർട്ടിഫിക്കറ്റുകൾക്കുമായി പഞ്ചായത്തിൽ വരുന്നവർ മുഖ്യമായും ആശ്രയിക്കുന്നത് ഫ്രണ്ട് ഓഫീസിനെയാണ്. എന്നാൽ കറുകുറ്റി ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഫ്രണ്ട് ഓഫീസ് ശരിയായ രീതിയിൽ ക്യാബിൻ ആക്കി തിരിക്കാത്തതിനാൽ വരുന്നവർ കൂട്ടം കൂടി തിക്കും തിരക്കും ഉണ്ടാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത് ഒഴിവാക്കുന്നതിന് സമീപത്തുള്ള ISO Certification ലഭിച്ച പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ളതു പോലെ ടോക്കൺ മെഷീൻ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ, ആവശ്യത്തിനു കസേരകളും അപേക്ഷകൾ പൂരിപ്പിക്കുന്നതിനാവശ്യമായ ടേബിളുകളും അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9/2016 | 9/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7-9-2012 മുതൽ 22-9-12വരെ | 2007-08 മുതൽ 2011-12 വരെ | 3-12-2012 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2015/16 സാമ്പത്തിക വർഷംതൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| പേര് | സ്ഥാപനം | വരുമാനം/ അർദ്ധവർഷം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ബാക്കി |
|---|---|---|---|---|---|
| മഞ്ജൂഷ പ്രകാശൻ | ആദം പബ്ളിക്ക് സ്കൂൾ | 18000/- രണ്ടാം അർ. | 120/- Rt No. 1150030013 dtd 22/9/2015 | 180 | 60 |
| ആകെ | | | | | 60 |

ഈയിനത്തിൽ ഈടാക്കേണ്ട നികുതി, ₹.60/- ഈടാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | S.M.L ഫിനാൻസ്സ് കറുകുറ്റി (രണ്ട് അർദ്ധവർഷവും) |
| 2. | അപരാജിത,ഡൈനാമിക്സ് സിനേർജിസ് (പ്രൈ.) ലി. കറുകുറ്റി (രണ്ട് അർദ്ധവർഷവും) |

സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിവിൽ വൻ തുക കുടിശ്ശിക

## നിലനിൽക്കുന്നു.

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട 2015-16 സാമ്പത്തിക വർഷത്തെ ഡിമാന്റ് – പിരിവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ഡിമാന്റ് | ₹.5351450 |
| ഓഡിറ്റ് വർഷത്തെ കളക്ഷൻ | ₹.3528935 |
| പിരിവിന്റെ ശതമാനം | 65.9 |

ഇപ്രകാരം പിരിവു ശതമാനം കുറവായതിനാൽ വൻതുകയാണ് പഞ്ചായത്തിൽ കുടിശ്ശികയായി നില നിൽക്കുന്നത്. കുടിശ്ശികയായിനിലനിൽക്കുന്ന വസ്തു നികുതിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക | ₹.1913641.00 |
| 2014-15 സാമ്പത്തിക വർഷംവരെ കുടിശ്ശിക | ₹.3248336.82 |
| ഓഡിറ്റ് വർഷം ഉൾപ്പെടെ ആകെ കുടിശ്ശിക | ₹.5161977.82 |

ഇപ്രകാരം അരക്കോടിയിലധികം രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽപിരിഞ്ഞു കിട്ടുവാനുള്ള പഞ്ചായത്തിൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.പഞ്ചായത്തിന്റെ 2015/16 വർഷത്തെA.F.S പ്രകാരം വസ്തു നികുതിയുമായി ബന്ധപ്പെട്ട കുടിശ്ശിക 1913641/-രൂപയാണ്.എന്നാൽ പഞ്ചായത്ത് സൂക്ഷിക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇത് 3093654/-രൂപയുമാണ്.ഇപ്രകാരം കുടിശ്ശിക ശരിയായ രീതിയിൽ തിട്ടപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഗൗരവതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റതായി പരിപാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2015/16 സാമ്പത്തിക വർഷം വാടകയിനത്തിൽ ഉണ്ടായിട്ടുള്ള ഡിമാന്റ്-വരവ് - കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

1. മുറികൾ വാടകയ്ക്ക് നൽകിയത് / ആകെ മുറികൾ -10

| | |
|---|---|
| വാടക ഡിമാന്റ് ചെയ്തത് | ₹.92148 |
| പിരിവ് (പിരിവ് ശതമാനം -74%) | ₹.68215 |
| കുടിശ്ശിക | ₹.23933 |

2. പ്ലോട്ടുകൾ വാടകയ്ക്ക് നൽകിയത് / ആകെ പ്ലോട്ടുകൾ -10

| | |
|---|---|
| വാടക ഡിമാന്റ് ചെയ്തത് | ₹.182628 |
| പിരിവ് (പിരിവ് ശതമാനം -77.9%) | ₹.142416 |
| കുടിശ്ശിക | ₹.40212 |

പഞ്ചായത്തിൽ ഓഡിറ്റ് വർഷം വരെ വാടക ഇനത്തിൽ താഴെപ്പറയുന്ന രീതിയിൽ കുടിശ്ശിക നിലനിൽക്കുന്നു

| | മുറികൾ സംബന്ധിച്ച് | പ്ലോട്ടുകൾ സംബന്ധിച്ച് |
|---|---|---|
| ഓഡിറ്റ് വർഷം | ₹.23933 | ₹.40212 |
| മുൻ വർഷം | ₹.2400 | ₹.42812 |
| ആകെ | ₹.26333 | ₹.83024 |
| വാടകയുമായി ബന്ധപ്പെട്ട ആകെ കുടിശ്ശിക | ₹.109357 | |

മുറികൾ സംബന്ധിച്ച് ഓഡിറ്റ് വർഷം - 23933/-രൂപ കുടിശ്ശിക വരുത്തിയവരുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു.

| മുറിനമ്പർ | പേര് | വാടക കുടിശ്ശിക |
|---|---|---|
| 11/427 | വിമല ,അമ്പാടൻ.ഏഴാറ്റുമുഖം | ₹.3780 |
| 11/430 | M.P.ജോണി,മൈപ്പാൻ,ഏഴാറ്റുമുഖം | ₹.9504 |
| 11/431 | വി.പി.കുട്ടപ്പൻ,വിളക്കത്തല | ₹.2748 |
| 11/432 | സിനു കൊച്ചാത്തി,മുന്നൂർപ്പിള്ളി | ₹.2316 |
| 4/567-C,D,E.G | അസി.എൻജിനീയർ.K.S.E.Bകറുകുറ്റി | ₹.5585 |
| ആകെ | | ₹.23933 |

പ്ലോട്ടുകൾ സംബന്ധിച്ച് ഓഡിറ്റ് വർഷം 40212/-രൂപ കുടിശ്ശിക വരുത്തിയവരുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു

| പ്ലോട്ട് നം. | പേര് | കുടിശ്ശിക |
|---|---|---|
| Plotno.2 | P.D.വർഗീസ്,പുതുവ,മാടശ്ശേരി | ₹.20904 |
| Plotno.8 | ഷേർളി കുരുവിള,ചിറയ്ക്കൽ,കറുകുറ്റി | ₹.3216 |
| Plotno.9 | സന്ദീപ് ബാലൻ,ചേറുള്ളി,കറുകുറ്റി | ₹.16092 |
| ആകെ | | ₹.40212 |

കറുകുറ്റി ഗ്രാമപഞ്ചായത്ത് ആറ്റപ്പാടം വനിതാ വ്യവസായകേന്ദ്രത്തിലും, പാറക്കൂട്ടം മിനി വ്യവസായ വികസന പ്ലോട്ടിലും ഉള്ള ഭൂമി പാട്ടത്തിന് നൽകുന്നത് കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 9/72010-ലെ പഞ്ചായത്ത് കമ്മിറ്റി 1(2) തീരുമാനപ്രകാരം പാസ്സാക്കിയ ബൈലോ പ്രകാരമാണ്. ഈ ബൈലോയ്ക്ക് സർക്കാർ ഉത്തരവ് (സാധാ)നം. 4001/2010/തസ്വഭവ തീയതി 23/12/2010-ന്റെ സാധൂകരണവുമുണ്ട്. പ്ലോട്ടുകൾ വാടകയ്ക്ക് നൽകുന്നതിന് ഇപ്രകാരം ബൈലോ നിലവിലുണ്ടെങ്കിലും മുറികൾ വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്തിൽ ബൈലോ നിലവിലില്ല. പ്ലോട്ടുകൾ വാടകയ്ക്ക് നൽകുന്നതിന് തയ്യാറാക്കിയ ബൈലോയിലെ 19-ാം ഖണ്ഡികയിൽ വാടക കുടിശ്ശിക ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പറയുന്നുണ്ട്. ഇതു പ്രകാരം വാടക എല്ലാമാസവും അഞ്ചാം തീയതിക്ക് മുൻപായി മുൻകൂർ അടയ്ക്കേണ്ടതും, വീഴ്ചവരുത്തിയാൽ നിയമാനുസൃതമായ പലിശ വാങ്ങേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. തുടർച്ചയായ മൂന്നു മാസത്തെ വാടക കുടിശ്ശിക വരുത്തിയാൽ ടി പ്ലോട്ടിനുള്ള അവകാശം നഷ്ടപ്പെടുന്നതാണെന്നും, കുടിശ്ശിക സെക്യൂരിറ്റി (50000) തുകയിൽ നിന്ന് വസൂലാക്കുന്നതാണെന്നും, വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ വാടക ഇനത്തിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ ഇത്തരം നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. അതുപോലെ 5 വർഷം കൂടുമ്പോൾ ഡെപ്പോസിറ്റ് തുകയും വാടകയും പരിഷ്കരിക്കണമെന്ന് ഖണ്ഡിക 21-ൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അപ്രകാരമുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ബൈലോ സംബന്ധിച്ച വ്യവസ്ഥകൾ പഞ്ചായത്ത് ശരിയായ രീതിയിൽ പരിപാലിച്ചിരുന്നെങ്കിൽ വാടകയുമായി ബന്ധപ്പെട്ട് ഇത്രമാത്രം കുടിശ്ശിക പഞ്ചായത്തിൽ ഉണ്ടാകുമായിരുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതുപോലെ വാടക രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതും മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ അടിയന്തിരമായി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ - മരുന്നുകൾ യഥാസമയം ലഭിച്ചിട്ടില്ല

കറുകറ്റി ഗ്രാമപഞ്ചായത്ത് ഹോമിയോ മെഡിക്കൽ ഓഫീസർ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 100000 രൂപ (പഞ്ചായത്ത് പ്ലാൻ ഫണ്ട്) 20.02.2016ൽ ഡി.ഡി. നമ്പർ 072516 പ്രകാരം ആലപ്പുഴ കേരളാ സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും മരുന്നുകൾ ലഭിച്ചിട്ടില്ല, മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വെറ്ററിനററി സർജൻ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

കറുകറ്റി ഗ്രാമപഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം വെറ്ററിനററി സർജൻ നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

വാഹന വാടകയുടെ ചെലവ് രേഖയായി ട്രിപ്പ്ഷീറ്റ് വെച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പേവിഷബാധ നിർമ്മാർജ്ജനം , വിഭാഗം-ജനറൽ |
| നമ്പർ | S0165/16 |
| അടങ്കൽ | ₹.9600/- |
| ചെലവ് | ₹.9600/- |
| ബിൽ നം. | 3/2016 dtd 21/3/2016 |

പേവിഷ ബാധയുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി വാഹനം വാടകയ്ക്കെടുക്കുകയും 21.3.2016, 22.3.2016, 23.3.2016 ദിവസങ്ങളിൽ M.B.ചാക്കോ, മാളിയേക്കൽ എന്നയാളുടെ KL7-BF-4415 വാഹനത്തിൽ മെഡിക്കൽ ടീം അംഗങ്ങൾ സഞ്ചരിക്കുകയും ചെയ്തിട്ടുണ്ട്. വാഹനം ഓടിച്ചതിന്റെ വാടകയായി ശ്രീ. ചാക്കോ 4500/- രൂപ കൈപ്പറ്റിയെങ്കിലും ചെലവ് രേഖയായി ഇദ്ദേഹം ലഭ്യമാക്കിയിരിക്കുന്നത് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയാണ്. വാഹനം ഓടിയതിന്റെ ചെലവ് രേഖയായി ട്രിപ്പ് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ 4500/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 പൗരാവകാശ രേഖ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 272(എ) (1),(2) എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ,സേവനം ലഭിക്കുന്നതിനുള്ള സമയപരിധി എന്നിവ വെളിപ്പെടുത്തുന്ന നയ സമീപന സേവന അവകാശ രേഖ, "പൗരാവകാശ രേഖ" എന്ന പേരിൽ പഞ്ചായത്തിലെ ഓരോ കുടുംബങ്ങളിലും അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്. എന്നാൽ കറുകറ്റി ഗ്രാമ പഞ്ചായത്തിൽ 2009-ന് ശേഷം പൗരാവകാശ രേഖ അച്ചടിച്ച് വിതരണം ചെയ്തതായി കാണുന്നില്ല. ഓരോ വർഷവും നിയമങ്ങളിൽ വരുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ച് പൗരാവകാശ രേഖ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 3-4 ലാപ്ടോപ്പ് വിതരണം – ബാങ്ക് /സർക്കാർ ജീവനക്കാരുടെ മക്കൾക്ക് ആനുകൂല്യം നൽകിയത് അനുവദനീയമല്ല.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ "എസ്.സി./എസ്.ടി. വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം" എന്ന രണ്ട് പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി:-

1. പ്രൊജക്ട് നമ്പർ 05/2016 – 'എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം'. 14 വിദ്യാർത്ഥികൾക്ക് കെ.എസ്.ഐ.ഇ.യിൽ നിന്നും ബിൽ നം.56/15 തീയതി 22.09.2015 പ്രകാരം 4,54,300/- രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തു.

2. പ്രൊജക്ട് നമ്പർ 18/2016 – 'എസ്.ടി. വിഭാഗത്തിൽപ്പെട്ട' രണ്ട് വിദ്യാർത്ഥികൾക്ക് കെ.എസ്.ഐ.ഇ.യിൽ നിന്നും ബിൽ നം.198/16 തീയതി 25.02.2016 പ്രകാരം 57,000/- രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങി നൽകി.

12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാപ്ടോപ്പ് വിതരണത്തിന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ചില മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(എ) ഗുണഭോക്താക്കൾ നിർദ്ധന കുടുംബത്തിൽ നിന്നുള്ളവരായിരിക്കണം. ഇതിന് വിരുദ്ധമായി സർക്കാർ/ബാങ്ക് ജീവനക്കാരുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകിയത് തെറ്റായ നടപടിയാണ്.

| പേര് | റേഷൻ കാർഡ് പ്രകാരം പിതാവിന്റെ ജോലി | റേഷൻ കാർഡ് നമ്പർ | വരുമാനം | വരുമാന സർട്ടി ഫിക്കറ്റ് നമ്പർ |
|---|---|---|---|---|
| രാഹൽ.കെ.ആർ. കല്ലരാൻ തോട്ടകം | ബാങ്ക് ജീവനം | 1736094394 | 133572 | 12691746/ 29-6-15 |
| കെനസ് ഐസക് ജോൺ | ഗവ. ജീവനം (അപേക്ഷ ഫോം പ്രകാരം പിതാവിന് റെയിൽ വേയിലും മാതാവിന് സെൻടൽ എക്സൈസിലും ജോലി | 1736031578 | 317000 (മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റിയിലെ ഡിഗ്രി അപേക്ഷ പ്രകാരം) | വരുമാന സർട്ടി ഫിക്കറ്റ് ഇല്ല. |
| അലൻ വർഗീസ് ജെയിംസ് | ഗവ. ജീവനം | 1736028943 | കാണിച്ചിട്ടില്ല | വരുമാന സർട്ടി ഫിക്കറ്റ് ഇല്ല. |

(ബി) ഗുണഭോക്താക്കൾക്ക് മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഈ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.

(സി) വിദ്യാർത്ഥികൾ സർക്കാർ സീറ്റിൽ പ്രവേശനം നേടിയവർ ആയിരിക്കണം. അതായത് സ്വാശ്രയ സീറ്റിൽ പ്രവേശനം നേടിയവർക്ക് അർഹതയില്ല. എന്നാൽ ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

ആയതിനാൽ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ഉയർന്ന പ്രതിശീർഷ വരുമാനമുള്ളവരുടെ മക്കൾക്ക് നൽകിയ ലാപ്ടോപ്പിന്റെ വില (32450 x 3 = 97350) ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ആധാർ - ഇൻസെന്റീവ് അനുവദിച്ചതിലെ അപാകത.

എറണാകുളം ജില്ലാകളക്ടറുടെ 25/3/2015 -ലെ 257/2015/AKS/EK/UID ഉത്തരവ് പ്രകാരം BPL വിഭാഗത്തിൽ പെട്ട SC/ST ആശ്രയ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും ആധാർ കാർഡ് എടുക്കുമ്പോൾ 150/- രൂപ കുടുംബനാഥന് /കുടുംബനാഥയ്ക്ക് പ്രോൽസാഹന ഗ്രാന്റായി അനുവദിക്കുന്ന പദ്ധതിയാണിത്. കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 398 കുടുംബങ്ങൾക്ക് 150/-രൂപ വീതം ആകെ 59700/-രൂപ വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയയൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. പ്രോൽസാഹന ഗ്രാന്റ് അനുവദിയ്ക്കാനുള്ള മുൻഗണനാക്രമത്തിൽ SC/ST വിഭാഗങ്ങളിലെ BPL കുടുംബങ്ങൾ, ആശ്രയകുടുംബങ്ങൾ എന്നീ വിഭാഗങ്ങൾക്ക് ശേഷം മാത്രമേ ജനറൽ വിഭാഗത്തിലെ BPL കുടുംബങ്ങൾ വരുന്നുള്ളൂ. എന്നാൽ ഗ്രാന്റ് വിതരണത്തിൽ ഈ മുൻഗണനാക്രമം ഉറപ്പ് വരുത്തിയതായി കാണുന്നില്ല. ഉദാഹരണം താഴെപ്പറയുന്നു.

| ക്രമ നം. | പേര് |
|---|---|
| 12 | മറിയംകുട്ടി, വാർഡ് 3, പള്ളിപ്പാട്ട് |
| 17 | ഏലിക്കുട്ടി, വാർഡ് 13, മൂഞ്ഞേലി |

മുൻഗണനാ ക്രമം ലംഘിച്ച് ജനറൽ വിഭാഗത്തിന് ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല.

2. പ്രോൽസാഹന ഗ്രാന്റ് കൈപ്പറ്റിയവർ എല്ലാവരും കുടുംബനാഥ / കുടുംബനാഥൻ ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ഒരു കുടുംബത്തിലെ തന്നെ ഒന്നിലധികം പേർക്ക് പ്രോൽസാഹന ഗ്രാന്റ് അനുവദിച്ചതായി കാണുന്നു. ഇത് ഉത്തരവിന്റെ ലംഘനമാണ്. പ്രസ്തുത കുടുംബങ്ങളിലെ കുടുംബനാഥയ്ക്ക് / കുടുംബനാഥന് മാത്രമേ ഗ്രാന്റിന് അർഹതയുള്ളൂ.

മേൽപ്പറഞ്ഞ അപാകതകളാൽ 59700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പഞ്ചായത്ത് ബിൽഡിംഗ് അനക്സ് പൂർത്തീകരണം – ഹാൻഡ് റെയിലിന് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് | 158/2016 |
| കരാറുകാരൻ | ജോയ് ജോസഫ് |
| അളവു പുസ്തകം | 71/15-16 |
| പ്രവൃത്തി മൂല്യം | ₹.14,99,750/- |
| കരാറുകാരന് നൽകിയത് | ₹.14,09,482/- (ഡി.ഡി. നം.073676 / 31.03.2016) |

ഈ പ്രവൃത്തിയിൽ ഇനം 5 ഗോവണിപ്പടികളിലും വരാന്തകളിലും സ്റ്റെയിൻലെസ് സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് കൈവരി സ്ഥാപിക്കലാണ്. അതിന് ഒരു കിലോ ഗ്രാമിന് 861.25 രൂപ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സ്റ്റീൽ പൈപ്പ് ഒറ്റ മീറ്ററിലുള്ളത് തൂക്കത്തിലേക്ക് മാറ്റി കണക്കാക്കിയതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 50mm വ്യാസമുള്ള 304 Grade ഒരു മീറ്റർ സ്റ്റെയിൻലെസ് സ്റ്റീൽ പൈപ്പിന് 2Kg തൂക്കം കണക്കാക്കിയിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ 16 ഗേജ് 50mm പൈപ്പ് ഒരു മീറ്ററിന് 1.91Kg തൂക്കം മാത്രമേ വരുകയുള്ളൂ. പൊതു വിപണിയിൽ സ്റ്റെയിൻലെസ് സ്റ്റീൽ (SS) പൈപ്പ്, 6 മീറ്ററിലുള്ളതാണ് ലഭ്യമാകുന്നത്, അതിൽ ഫസ്റ്റ് ക്വാളിറ്റി 304 ഗ്രേഡ് വിഭാഗത്തിലുള്ളതാണ്, സെക്കൻഡ് ക്വാളിറ്റി 202 ഗ്രേഡ് വിഭാഗത്തിൽ പെടുന്നതാണ്. ഇത് തിരിച്ചറിയുന്നതിനായി, ആദ്യ വിഭാഗം പൈപ്പുകളിൽ ചുവന്ന നിറത്തിലുള്ള രാസവസ്തുവും രണ്ടാം വിഭാഗത്തിൽ കറുത്ത നിറത്തിലുള്ള രാസവസ്തുവും പുരട്ടിയിരിയ്ക്കും. ഇവയിൽ 16 ഗേജ് കനമുള്ളതും 18 ഗേജ് കനവുമുള്ള

പൈപ്പും ലഭ്യമാണ്. പൈപ്പുകൾ നീളത്തിൽ നിന്നും തൂക്കത്തിലേയ്ക്ക് മാറ്റിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.
ഇനം -5

| | നൽകിയത് | നൽകാവുന്നത് |
|---|---|---|
| 50mm dia (304 Grade) SS Pipe – 36.4 mtr | @2 Kg/Mtr 72.8 Kg | @1.91 Kg/Mtr 69.52 Kg |
| 32mm dia (304 Grade) SS Pipe – 32.29 mtr | @1.35Kg/Mtr 43.59 Kg | @1.30 Kg/Mtr 41.97 Kg |
| 20mm dia (304 Grade) SS Pipe – 176.015 mtr | @0.9 Kg/Mtr 158.41 Kg | @0.8Kg/Mtr 140.81 Kg |
| 60mm dia (304 Grade) SS Pipe – 2 mtr | @2.65 Kg/Mtr 5.3 Kg | @2.4 Kg/Mtr 4.8 Kg |
| ആകെ | 280.1 | 257.1 |

ഒരു കിലോഗ്രാമിന് 861.25 രൂപ നിരക്കിലാണ് തുക നൽകിയിരിക്കുന്നത്

| | |
|---|---|
| അനുവദിച്ചത് | 280.1 Kg x 861.1 = ₹. 2,41,253.00 |
| അനുവദിക്കാവുന്നത് | 257.1 Kg x 861.1 = ₹. 2,21,388.00 |
| അധികം | ₹. 19864.00 |

ഈയിനത്തിൽ അധികം നൽകിയ ₹.19,864/- കരാറുകാരനിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,15,000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 1,15,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | GO(MS)781/2010 /LSGD- 08/03/2010 | 13774500 | 2694039 | 850000 | - | 1844039 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37370 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2007-08 | 3-6 | 3,196 | ജൂലിയ ബെറ്റ്സി കബ്രാൾ, മുൻ എച്ച് സി | 00007/23-7-15 |
| 1997-98 | 23 | 3,700 | ടി ജെ സണ്ണി, റിട്ട. സെക്രട്ടറി | 103695/19-1-16 |
| 2012-13 & 2013 -14 | 3-3 | 30,074 | കൺവീനർ, പാണ്ടറ കോളനി | 11504101601/30-7-15 |
| 2012-13 & 2013-14 | 2-1 | 400 | മീറ്റ് പ്രോഡക്ട്സ് | 104172/16-2-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2007-08 | 34 | പാണ്ടറ കുടിവെള്ളപദ്ധതി- പമ്പ്സെറ്റ്, പി.വി.സി. പൈപ്പ് എന്നിവ വാങ്ങിയത് | ഈ പ്രവൃത്തി പുനർ പ്രാവർത്തികമാക്കാൻ കഴിയില്ല. ആയതിനാൽ കോളനിനിവാസികൾക്ക് കുടിവെള്ളത്തിനുമാത്രം മറ്റൊരു പദ്ധതി പ്രോജക്ടിൽ ഉൾപ്പെടുത്തി. ആയത് 2013 മെയ് മാസം കമ്മീഷൻ ചെയ്തു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48112538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58197326 |
| വരവിനങ്ങളിലുള്ള നഷ്ടം | 60 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 117214 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64200 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 60 | - | ശ്രീ രാജൻ ബി മേനോൻ, സെക്രട്ടറി |
| 3-4 | 97350 | - | ശ്രീ എം ഡി വർഗീസ്, അസി. സെക്രട്ടറി |
| 3-6 | 19864 | - | ശ്രീ സി.കെ. സുകുമാരൻ, അസി.എഞ്ചിനീയർ |
| ആകെ | 117274 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4500 | ശ്രീ ജോമോൻ ചെറിയാൻ, വെറ്ററിനറി സർജൻ |
| 3-5 | 59700 | ശ്രീ ടി.പി.രാധാകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 64200 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4-310/99/05.12.00 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 |
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 |
| 2012-13 &2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി3)1986/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ–മെയിൽ:doekm.ksad@kerala.gov.in

തീയതി : 15.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.3)1986/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 15.12.2016

Certified that I have audited the Annual Financial Statement of KARUKUTTY Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of KARUKUTTY Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)